# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:18.12.2025**

1. പാർലമെന്റിന്റെ ശീതകാല സമ്മേളനം പുരോഗമിക്കുന്നു. റോസ്ഗാർ ആജീവിക മിഷൻ ബില്ലിന്മേലുള്ള ചർച്ചയ്ക്ക് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ലോക്സഭയിൽ മറുപടി നൽകും

2. ഇന്ത്യയും ഒമാനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവക്കുന്നതിലൂടെ ഇരു രാജ്യങ്ങളുടെയും സാമ്പത്തിക വ്യാപാര മേഖല പുതിയ ദിശയിലേക്കുയരുമെന്ന് പ്രധാമന്ത്രി നരേന്ദ്രമോദി.

3. സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള വീടു തോറുമുള്ള വിവര ശേഖരണ ഘട്ടം ഇന്ന് അവസാനിക്കും. കരട് വോട്ടർ പട്ടികയിൽ സ്വന്തം പേര് ഉണ്ടോ എന്ന് എല്ലാവരും പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ.

4. വൈസ് ചാൻസലർ നിയമനത്തിൽ സംസ്ഥാന സർക്കാരും ഗവർണറും തമ്മിൽ സമവായത്തിലെത്തിയതിൽ സംതൃപ്തി അറിയിച്ച് സുപ്രീം കോടതി.

5. എന്റെ മഹത്തായ കഥ: സംസ്കാരങ്ങളും വികസനവും എന്ന പ്രമേയത്തിലൂന്നി ഇന്ന് അന്താരാഷ്ട്ര കുടിയേറ്റ ദിനം.

6. 30-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തിരശ്ശീല വീഴും.

****************************************

RNUTVPM

## പിഎം-ഒമാൻ

ഇന്ത്യയും ഒമാനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവക്കുന്നതിലൂടെ ഇരു രാജ്യങ്ങളുടെയും സാമ്പത്തിക വ്യാപാര മേഖല പുതിയ ദിശയിലേക്കുയരുമെന്ന് പ്രധാമന്ത്രി നരേന്ദ്രമോദി. മസ്കറ്റിൽ ഇന്ത്യാ-ഒമാൻ വ്യാപാര ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരുരാജ്യങ്ങളും തമ്മിൽ വ്യാപാര മേഖലയിൽ പുതിയ സാധ്യതകൾ തുറക്കാൻ ഉച്ചകോടി വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്രമന്ത്രിമാരായ പിയൂഷ് ഗോയൽ, എസ്. ജയ്ശങ്കർ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്. ഒമാൻ രാഷ്ട്രത്തലവൻ സുൽത്താൻ ഹൈതം ബിൻ താരിക്കുമായും കൂടിക്കാഴ്ച നടത്തും. വിദ്യാർത്ഥികളുമായും ഇന്ത്യൻ സമൂഹവുമായും സംവദിക്കും. ജോർദാൻ, എത്യോപ്യാ രാജ്യങ്ങൾ സന്ദർശിച്ച ശേഷമാണ് പ്രധാനമന്ത്രി ഒമാനിലെത്തിയത്.

*************************

RNU TVPM

## പാർലമെന്റ്

പാർലമെന്റിന്റെ ശീതകാല സമ്മേളനം പുരോഗമിക്കുന്നു. ഇരുസഭകളിലും നടപടികൾ ആരംഭിച്ചു. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് പകരമുള്ള റോസ്ഗാർ ആജീവിക മിഷൻ ബില്ലിന്മേലുള്ള ചർച്ചയ്ക്ക് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ലോക്സഭയിൽ മറുപടി നൽകും. ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് 125 ദിവസത്തെ തൊഴിലുറപ്പാക്കുന്നതാണ് ബിൽ. ഗ്രാമീണ മേഖലയുടെ വികസനത്തിന് പുതിയ ചട്ടക്കൂട് സൃഷ്ടിക്കുന്നതിന് ബിൽ വഴിയൊരുക്കും.

*************************

## ഡിജിറ്റലൈസ്ഡ് ഫോം (ഇൻട്രോ)

സംസ്ഥാനത്ത് എസ്.ഐ.ആറുമായി ബന്ധപ്പെട്ട് വീടു തോറുമുള്ള വിവര ശേഖരണ ഘട്ടം ഇന്ന് അവസാനിക്കും. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ അതിൽ തങ്ങളുടെ പേര് ഉണ്ടോ എന്ന് എല്ലാവരും പരിശോധിക്കണം എന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു ഖേൽകർ അഭ്യർത്ഥിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയിസ്)

**************************

## എസ്ഐആർ

സംസ്ഥാനത്ത് എസ്.ഐ.ആറുമായി ബന്ധപ്പെട്ട് ഇന്നലെ വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ടു കോടി 78 ലക്ഷത്തി 48,827 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ. ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ഒഴികെ മറ്റ് എല്ലാ ജില്ലകളും 100% ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചതായി അദ്ദേഹം അറിയിച്ചു.

PNUTVPM

**************************

## മാഹി - കരട് വോട്ടർ പട്ടിക

സമഗ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി പുതുച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ മാഹിയിൽ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. അംഗീകൃത രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ മാഹി റീജിയണൽ അഡ്മിനിസ്ട്രേറ്റർ ഡി. മോഹൻകുമാർ ആണ് കരട് പട്ടിക പ്രസിദ്ധീകരിച്ചത്. 15,506

സ്ത്രീകളും 13,001 പുരുഷന്മാരും ഉൾപ്പെടെ 28,507 വോട്ടർമാരാണ് കരട് വോട്ടർപട്ടികയിൽ ഉള്ളത്.

*************************

## പ്രത്യേക തിരഞ്ഞെടുപ്പ്

സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിൽ പ്രത്യേക തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. 2026 ജനുവരി 12 ന് രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. ഡിസംബർ 24 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. ഡിസംബർ 26 ന് സൂക്ഷ്മ പരിശോധന നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തിയതി ഡിസംബർ 29. വോട്ടെണ്ണൽ ജനുവരി 13 നാണ്. മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിലെ പായിംപാടം, എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുന്നത്.

*************************

## സത്യപ്രതിജ്ഞ

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഈ മാസം 21-ന് സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേൽക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വരണാധികാരികളുടേയും മുൻപാകെ അതാതു തദ്ദേശ സ്ഥാപനങ്ങളിലെ മുതിർന്ന അംഗമാണ് ആദ്യം സത്യ പ്രതിജ്ഞ ചെയ്യുന്നത്. അതേസമയം,

തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷ-ഉപാധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടത്തും.

*************************

## കേരള അന്താരാഷ്ട്ര ചലച്ചിത്രമേള (ഇൻട്രോ)

30 ആമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ സമാപനം. വൈകുന്നേരം മണിക്ക് നിശാഗന്ധിയിലാണ് സമാപന ചടങ്ങ്. മേളയുടെ 7 ആം ദിനം 72 ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....**

(വോയിസ്)

*************************

## സുപ്രീം കോടതി- വൈസ് ചാൻസലർ

കേരള സാങ്കേതിക - ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസിലർമാരുടെ നിയമനങ്ങളിൽ സംസ്ഥാന സർക്കാരും ഗവർണറും സമവായത്തിലെത്തിയതിൽ സംതൃപ്തി അറിയിച്ച് സുപ്രീം കോടതി. വിഷയം പരിഹരിക്കുന്നതിനായി വിരമിച്ച ജസ്റ്റിസ് സുധാൻഷു ധൂലിയയുടെ നേതൃത്വത്തിൽ കോടതി സമിതി രൂപീകരിച്ചിരുന്നു. കമ്മിറ്റിയുടെ ഇടപെടലിനുശേഷവും പരിഹാരവും ഉണ്ടാകാത്തതിനാൽ, കോടതി തന്നെ നിയമനങ്ങൾ നടത്തുമെന്ന് സൂചിപ്പിച്ചിരുന്നു. ഇതിനെത്തുടർന്നാണ് നിയമനവിഷയത്തിൽ മുഖ്യമന്ത്രിയും ഗവർണറും സമവായത്തിലെത്തിയത്.

*************************

RNU TVPM

## അന്താരാഷ്ട്ര കുടിയേറ്റ ദിനം

ഇന്ന് അന്താരാഷ്ട്ര കുടിയേറ്റ ദിനം. എന്റെ മഹത്തായ കഥ: സംസ്കാരങ്ങളും വികസനവും എന്നതാണ് ഈ വർഷത്തെ പ്രമേയം. കുടിയേറ്റം സമൂഹത്തിലുണ്ടാക്കുന്ന സ്വാധീനത്തെ പ്രമേയം എടുത്തുകാണിക്കുന്നു. കുടിയേറ്റ അവകാശങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും, അവരുടെ സംഭാവനകളെ അംഗീകരിക്കുന്നതിനും, അവർ നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുമാണ് അന്താരാഷ്ട്ര കുടിയേറ്റ ദിനം ആചരിക്കുന്നത്. ലോകമെമ്പാടും കുടിയേറ്റക്കാരുടെ വ്യാപകമായ മുന്നേറ്റം ശ്രദ്ധയിപ്പെട്ടതിനെത്തുടർന്നാണ് 2000 ഡിസംബർ 4 ന് ഐക്യരാഷ്ട്രസഭയുടെ പൊതുസഭ ഡിസംബർ 18 അന്താരാഷ്ട്ര കുടിയേറ്റ ദിനമായി ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

RNU TVPM

**************************

## ശബരിമല (ഇൻട്രോ)

ശബരിമല സന്നിധാനത്ത് ഭക്തജനത്തിരക്ക് തുടരുന്നു. 27 ന് മണ്ഡലപൂജ നടക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

**************************

## ശബരിമല സ്വർണ്ണ കേസ്

ശബരിമല ദ്വാരപാലക ശില്പങ്ങളിലെ സ്വർണം കവർന്നകേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ

പ്രസിഡന്റ് എ. പത്മകുമാറിന്റെ റിമാൻഡ് കാലാവധി ഈമാസം 30 വരെ നീട്ടി. ഇതേ കേസിൽ എ. പത്മകുമാറിന്റെയും, ഉണ്ണികൃഷ്ണൻ പോറ്റിയുടെയും ജാമ്യാപേക്ഷയും കൊല്ലം വിജിലൻസ് കോടതി വീണ്ടും 30-ാം തീയതി പരിഗണിക്കാൻ മാറ്റി.

*************************

## നെടുമ്പാശേരി അടിയന്തിര ലാൻഡിങ്

ജിദ്ദയിൽനിന്ന് 160 യാത്രക്കാരുമായി കരിപ്പൂരിലേക്കു പോയ വിമാനത്തിന്റെ ടയറുകൾക്ക് കേട് സംഭവിച്ചതിനെ തുടർന്ന് നെടുമ്പാശേരിയിൽ അടിയന്തര ലാൻഡിങ് നടത്തി. കരിപ്പൂരിൽ ഇറങ്ങേണ്ടിയിരുന്ന എയർ ഇന്ത്യ എക്സ്പ്രസ് വിമാനം AX 398 ആണ് വഴിതിരിച്ചുവിട്ട് കൊച്ചിയിൽ ഇറങ്ങിയത്. യാത്രക്കാരും ജീവനക്കാരും സുരക്ഷിതരാണ്. യാത്രക്കാരെ റോഡ് മാർഗം കോഴിക്കോട്ട് എത്തിക്കുമെന്ന് അധികൃതർ അറിയിച്ചു.

RNU TVPM

*************************

## വിസ ഇളവ്

നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി വിസ ഇളവ് കരാറിൽ ഒപ്പുവച്ചു ഇന്ത്യയും സൗദി അറേബ്യയും. നയതന്ത്ര പങ്കാളിത്ത കൗൺസിലിന് കീഴിലുള്ള ഔദ്യോഗിക യാത്രകൾ സുഗമമാക്കുന്നതിനും ഉഭയകക്ഷി വിനിമയങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായാണ് ഇരുരാജ്യങ്ങളും ഉഭയകക്ഷി കരാറിൽ ഒപ്പുവച്ചത്.

*************************

## കേരള ഹൈക്കോടതി- കിഫ്ബി

മസാല ബോണ്ടുകൾ വഴി സമാഹരിച്ച ഫണ്ടുകളുടെ വിനിയോഗവുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ പരാതിയും കാരണം കാണിക്കൽ നോട്ടീസുകളും അനുസരിച്ചുള്ള നടപടികൾക്ക് ഇടക്കാല സ്റ്റേ പുറപ്പെടുവിച്ച് കേരള ഹൈക്കോടതി. കിഫ്ബി ചെയർമാനെന്ന നിലയിൽ മുഖ്യമന്ത്രി പിണറായി വിജയനും മുൻ വൈസ് ചെയർമാനും മുൻ ധനകാര്യ മന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക്കും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.എം. എബ്രഹാമും സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

*

************

****************************************

RNU TVPM